ഫ്ളഡ് റിലീഫ്-വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ

107(4738) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫ്ളഡ് റിലീഫ് - വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികൾ എം.എൽ.എ.-മാരുടെ തീരുമാനമനുസരിച്ചുള്ള ഏജൻസിയെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

ദേശീയ കുടുംബ സഹായ പദ്ധതി

108(4739) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബത്തിന്റെ വരുമാന സ്രോതസ്സായ വ്യക്തിയുടെ മരണം കാരണം നിരാലംബരാകുന്ന കുടുംബത്തെ സഹായിക്കുവാൻ വേണ്ടി കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ കുടുംബ സഹായ പദ്ധതി (Family Benefit Scheme) ജില്ലകളിൽ കൈകാര്യം ചെയ്യുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്, അർഹതയുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയിൽ അപേക്ഷിക്കുന്നതിന് കാലതാമസം വന്നവരുടെ അപേക്ഷകൾ പരിഗണിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ഈ പദ്ധതിയിൽ അപേക്ഷിച്ചവർക്കോ, യഥാസമയം അപേക്ഷിക്കാൻ കഴിയാത്തവരുടെ മാപ്പപേക്ഷയിന്മേലോ ധനസഹായം നൽകുന്നതിന് ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിക്ക് ആവശ്യമായ പ്രചാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) NFBS ജില്ലകളിൽ കൈകാര്യം ചെയ്യുന്നത് ജില്ലാകളക്ടറാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. മരണപ്പെടുന്ന വ്യക്തി കുടുംബത്തിലെ പ്രധാന വരുമാന വാഹകൻ ആയിരിക്കണം.

2. കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം.

3. അപേക്ഷിക്കുന്നയാൾ കേരളത്തിൽ 3 വർഷം താമസിക്കുന്ന ആളായിരിക്കണം.

4. മരണമടഞ്ഞ വ്യക്തി 18-ന് മുകളിലും 60 വയസ്സിനു താഴേയും പ്രായമുള്ളവരായിരിക്കണം.

5. മരണ തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ച അപേക്ഷകളിൽ ധനസഹായം നൽകിയതിനു ശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം വന്നിട്ടുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചു നൽകുന്നു.

(ഡി) ഉണ്ട്. ആകെ മാപ്പപേക്ഷ സഹിതം ലഭിച്ച 3687 അപേക്ഷകളിൽ 2019 അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. ഇനി മാപ്പപേക്ഷ സഹിതം ലഭിച്ച് 1668 അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കാൻ ബാക്കിയുണ്ട്. ആയതിന്മേലുള്ള തുടർ നടപടികൾ തുടർന്നു വരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

കൈവശം വച്ച് നികുതി അടയ്ക്കുന്ന ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

109(4740) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ കൈവശമുള്ളതും നികുതി അടച്ച് പോരുന്നതുമായ ഭൂമിയുടെ പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും. ഇതിനായി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് എന്നും വിശദമാക്കാമോ;

(ബി) ഇതിനാവശ്യമായ അപേക്ഷ ആർക്കൊക്കെയാണ് നൽകേണ്ടത്;

(സി) വില്ലേജ് ഓഫീസർക്കും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കും ഇതിനായി അപേക്ഷ നൽകിയാൽ എത്രദിവസത്തിനകം മറുപടി നൽകണമെന്നാണ് നിലവിലുള്ള വ്യവസ്ഥ;

LIBRARY ARCHIVES Kerala Legislative Assembly